## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2618.** **14.02.2013 -ൽ മറുപടിയ്ക്ക്**

## ഫുഡ് സേഫ്റ്റി കമ്മീഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറെ നിയമിക്കുകയും കമ്മീഷണറേറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | എ) | ആരോഗ്യ കുടംബക്ഷേമ (ഇ) വകുപ്പിലെ 23.6.2009 ലെ ജി. ഒ (എം.എസ്) നം. 192/2009 നമ്പർ ഉത്തരവു പ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ബിജു പ്രഭാകർ ഐ.എ.എസ് ആണ് ഫുഡ് സേഫ്റ്റി കമ്മീഷണർ. |
| ബി) | ഫുഡ് സേഫ്റ്റി കമ്മീഷന്റെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ; | ബി) | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം സംസ്ഥാന തലത്തിൽ കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റി സ്ഥാപിക്കുകയും മായം ചേർക്കൽ നിരോധന വിഭാഗത്തെ അതിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറേയും ജില്ലാതലങ്ങളിൽ ഡെസിഗ്നേറ്റഡ് ഓഫീസറേയും ലോക്കൽ ഏരിയാ തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി അഡ്ജൂഡികേറ്റിംഗ് ഓഫീസർമാരെ |

| | | | |
|---|---|---|---|
| | | | നിയമിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അപ്പീൽ കേൾക്കുന്നതിനായി അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് കമ്മീഷനെ സമീപിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ; | സി) | ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് സമീപിക്കുന്നതിന് സംസ്ഥാന തലത്തിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റും ജില്ലാതലങ്ങളിൽ ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാരും സർക്കിൾ / മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരും നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് 3 മൊബൈൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് പരാതി അറിയിക്കുന്നതിനു മാത്രമായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ ഒരു ടോൾ ഫ്രീ നമ്പരും (1800 425 1125) പ്രവർത്തിക്കുന്നുണ്ട്. |
| ഡി) | ഫുഡ് സേഫ്റ്റി കമ്മീഷൻ നാളിതുവരെ എത്ര സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തി നടപടികൾ എടുത്തുവെന്നു | ഡി) | സംസ്ഥാന വ്യാപകമായി 4046 ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | |
| ഇ) | എന്തെല്ലാം നടപടികളാണ് എടുത്തതെന്നും ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് നടപടിയെടുത്തതെന്നും വ്യക്തമാക്കുമോ; | ഇ) | ഗുരുതരമായ വീഴ്ച കണ്ടെത്തിയ സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി നിഷേധിക്കുകയും നിലവാരം മെച്ചപ്പെടുത്തേണ്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമത്തിലെ സെക്ഷൻ 36, 38 എന്നീ വകുപ്പുകളിൽ ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കും ഭക്ഷ്യ സുരക്ഷാ ഓഫീസർമാരിലും നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് നടപടിയെടുത്തിട്ടുള്ളത്. |
| എഫ്) | ഭക്ഷ്യ സുരക്ഷാ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | എഫ്) | ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ പ്രവർത്തനങ്ങൾ 2006 ൽ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് ക്രമീകരിച്ചിട്ടുള്ളതാണ്. ഇതനുസരിച്ചുള്ള ചട്ടങ്ങളും റെഗുലേഷനുകളും കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ